# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം;614 | 06.02.2013ലെ മറുപടിക്ക്

<u>സ്വകാര്യ വാഹനങ്ങളുടെ റോഡ് ടാക്സ് നിരക്കുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ) സ്വകാര്യ മോട്ടോർ കാറുകളുടെയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും റോഡ് ടാക്സ് നിർണ്ണയിക്കുന്നതിൽ വരുത്തിയ മാറ്റം എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | എ) 01.04.2007 മുതൽ മോട്ടോർ കാറുകൾക്കും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും വാഹനവിലയുടെ 6%മാണ് ഒറ്റതവണ നികുതിയായി ഈടാക്കിക്കൊണ്ടിരുന്നത്. 01.04.2010ൽ ഫൈനാൻസ് ബിൽ പ്രകാരം കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് 1500 സി.സിയിൽ കുറവുള്ള മോട്ടോർ കാറുകൾക്കും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും വാഹന വിലയുടെ 6%വും 1500 സി.സിയിൽ കൂടുതലുള്ള മോട്ടോർ കാറുകൾക്ക് 8 ശതമാനവുമാണ് ഒറ്റതവണ നികുതിയായി ഈടാക്കി വന്നിരുന്നത്. എന്നാൽ, 01.04.2012ലെ ഫൈനാൻസ് ബിൽ പ്രകാരം കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്ടിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 5 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ കാറുകൾക്കും പ്രൈവറ്റ് സർവ്വീസ് (എൻ.റ്റി.വി) വാഹനങ്ങൾക്കും വാഹനവിലയുടെ 6 |

ശതമാനവും 5 ലക്ഷത്തിൽ കൂടുതലും 10 ലക്ഷത്തിൽ താഴെയും വിലയുള്ള വാഹനങ്ങൾക്ക് വാഹനവിലയുടെ 8 ശതമാനവും 10 ലക്ഷത്തിൽ കൂടുതലും 15 ലക്ഷത്തിൽ താഴെയും വിലയുള്ള വാഹനങ്ങൾക്ക് വാഹനവിലയുടെ 10 ശതമാനവും 15 ലക്ഷത്തിൽ കൂടുതൽ വിലയുള്ളവയ്ക്ക് വാഹനവിലയുടെ 15 ശതമാനവുമാണ് ഒറ്റതവണ നികുതി യായി ഈടാക്കിവരുന്നത്.

ബി) റോഡ് ടാക്സ് നിരക്ക് മറ്റ് സംസ്ഥാനങ്ങളുടേതുമായി ഏകീകരിക്കുന്നതിനായി, മാറ്റം വരുത്തുന്നതിലൂടെ തന്നാണ്ടിൽ പ്രതീക്ഷിച്ച അധികവരുമാനം എത്രയായിരുന്നു.

ബി) സംസ്ഥാനത്തെ വിവിധതരം വാഹനങ്ങളുടെ ടാക്സ് ഘടന താരതമ്യപ്പെടുത്തി ഏകീകരിക്കുന്ന തിനുള്ള ചർച്ചകൾ നടന്നു വരുന്നുണ്ട്. എന്നാൽ, അയൽ സംസ്ഥാനങ്ങളിൽ മോട്ടോർ കാറുകൾക്കും ഇരുചക്ര വാഹനങ്ങൾക്കും പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും വാഹനവിലയുടെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയി ച്ചിട്ടുള്ളത്. ഈ മാനദണ്ഡം 01.04.2007 മുതൽ കേരള സംസ്ഥാനത്തും നടപ്പിലാ ക്കിയിട്ടുണ്ട്. എങ്കിലും, ടാക്സ് ഏകീകരണം ഇതുവരെ നടപ്പിലാക്കിയി ട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വരുമാനം ഇല്ല.

സി) 2013 ജനുവരി 31വരെ ലഭിച്ച അധികവരുമാനതുക എത്ര;

സി) 01.04.2012ലെ ഫൈനാൻസ് ബിൽ പ്രകാരം മോട്ടോർ കാറുകൾക്കും പ്രൈവറ്റ് സർവീസ് വാഹനങ്ങൾക്കും ടാക്സ് നിരക്ക് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 275 കോടിയിൽപരം രൂപ അധിക വരുമാന മായി ഈ സാമ്പത്തിക വർഷം

31.12.2012വരെ ലഭിച്ചിട്ടുണ്ട്

| | |
|---|---|
| ഡി) മുൻവർഷത്തേതിനേക്കാൾ എന്ത് തുക സ്വാഭാവിക വർദ്ധനയിൽ കൂടുതൽ അധിക വരുമാനമായി ലഭിച്ചു? | ഡി) വർഷാവർഷങ്ങളിൽ ഉള്ള സ്വാഭാവിക വർദ്ധനവ് 10%മാണ്. ഇതനുസരിച്ച് 2012 2013 കാലഘട്ടത്തിൽ 31.12.2012വരെ 105 കോടി രൂപ സ്വാഭാവിക വർദ്ധനവുണ്ടാകണം. അത് കൂടാതെ ഈ സാമ്പത്തികവർഷം 31.12.2012വരെ ആകെ 170 കോടിയോളം രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**